No.MIFP/P/2025-26/92 23/06/2026

# ക്വട്ടേഷൻ നോട്ടീസ്


മത്സ്യഫെഡ് ഐസ് ആൻഡ് ഫ്രീസിങ് പ്ലാന്റ്

കൊച്ചങ്ങാടി കൊച്ചി 682005

ഫോൺ:9526041117,9526041187


എറണാകുളം കൊച്ചങ്ങാടിയിൽ സ്ഥിതിചെയുന്ന മത്സ്യഫെഡ് ഐസ് ആന്റ് ഫ്രീസിംഗ് പ്ലാന്റിൽ സൂക്ഷിച്ചിട്ടുള്ള ഭക്ഷ്യയോഗ്യമല്ലാത്ത താഴെ പറയുന്ന 12 ഇനങ്ങളിൽപ്പെട്ട ശീതീകരിച്ച മത്സ്യങ്ങൾ മത്സരാധിഷ്ഠിത ക്വട്ടേഷൻ അടിസ്ഥാനത്തിൽ വിൽക്കുവാൻ തീരുമാനിച്ചിരിക്കുന്നു.ക്വട്ടേഷനിൽ ഉൾപ്പെടുത്തിയിട്ടുള്ള വിവിധയിനം മത്സ്യങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | മത്സ്യ ഇനം | തൂക്കം (Kg ) |
|---|---|---|
| 1 | ബാസ ഫില്ലറ്റ് (Basa Fillet) | 24.200 Kg |
| 2 | കട്ടിൽ ഫിഷ് (Cuttle Fish) | 461.100 Kg |
| 3 | റീഫ് കോഡ് (Reef Cod) | 9,439.420 Kg |
| 4 | സീർ ഫിഷ് (Seer Fish) | 4,943.300 Kg |
| 5 | സ്കിപ്പ് ജാക്ക് ട്യൂണ (SJ Tuna) | 135.080 Kg |
| 6 | സ്ക്വിഡ് (Squid) | 306.900 Kg |
| 7 | കരിമീൻ ഡ്രെസ്ഡ് (Pearl Spot Dressed) | 26.500 Kg |
| 8 | പ്രോൺ മീറ്റ് നാരൻ (Prawn meat Naran) | 16.000 Kg |
| 9 | സീർ ഫിഷ് മിക്സ് ടെയിൽ (Seer Fish Mix Tail) | 13.000 Kg |
| 10 | സീർ ഫിഷ് സ്ലൈസ് 5–7 (Seer Fish Slice 5-7) | 45.500 Kg |
| 11 | യെല്ലോഫിൻ ട്യൂണ – ഹോൾ (Yellow Fin Tuna Whole) | 310.000 Kg |
| 12 | തിലാപിയ മാരിനേറ്റഡ് ഡ്രെസ്ഡ് (Thilapia Marinated dressed) | 40.550 Kg |
| ആകെ | | 15761.550 |

മത്സ്യത്തിന് ഒരു കിലോയുടെ നിരക്ക് ആണ് ക്വാട്ട് ചെയ്യേണ്ടത്.ക്വട്ടേഷനുകൾ സ്വീകരിക്കുന്ന അവസാന തീയതി 2026 ജൂലൈ 04 -ന് ഉച്ചയ്ക്ക് 12.00 PM ന് ആണ്.**ക്വട്ടേഷൻ അയക്കേണ്ട വിലാസം- പ്ലാന്റ് മാനേജർ, മത്സ്യഫെഡ് ഐസ് ആൻഡ് ഫ്രീസിങ് പ്ലാന്റ്, കൊച്ചങ്ങാടി കൊച്ചി 682005. ക്വട്ടേഷനുകൾ സമർപ്പിക്കുന്ന കവറിന്റെ പുറത്ത് മത്സ്യഫെഡ് ഐസ് ആൻഡ് ഫ്രീസിങ് പ്ലാന്റിലെ ഭക്ഷ്യയോഗ്യമല്ലാത്ത മത്സ്യം, ലേലത്തിൽ പങ്കെടുക്കുന്നതിനുള്ള ക്വട്ടേഷൻ എന്നു**

**രേഖപ്പെടുത്തേണ്ടതാണ്.** നിശ്ചിത സമയത്തിനു ശേഷം ലഭിക്കുന്നതും, ആവശ്യമായ വിവരങ്ങൾ പൂർണ്ണമായി രേഖപ്പെടുത്താത്തതും ക്വട്ടേഷണറുടെ പൂർണ്ണ വിലാസം ഉൾപ്പെടുത്താത്തതുമായ ക്വട്ടേഷനുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല. വെള്ളക്കടലാസിൽ തയ്യാറാക്കി സമർപ്പിക്കുന്ന ക്വട്ടേഷനോടൊപ്പം നിരതദ്രവ്യമായി ₹1,00,000/- (ഒരു ലക്ഷം രൂപ മാത്രം) രൂപയുടെ മത്സ്യഫെഡ് ഐസ് ആൻഡ് ഫ്രീസിങ് പ്ലാന്റ് മാനേജരുടെ പേരിൽ കൊച്ചിയിൽ മാറാവുന്ന രീതിയിൽ ഉള്ള ഡിമാൻഡ് ഡ്രാഫ്റ്റായോ /ഈ ഓഫീസിൽ നേരിട്ട് പണമടച്ചതിന്റെ രസീതോ ഉള്ളടക്കം ചെയ്തിരിക്കേണ്ടതാണ്.കൂടാതെ തിരിച്ചറിയൽ രേഖയും സമർപ്പിക്കേണ്ടതാണ്.

മത്സ്യഫെഡ് ഐസ് ആൻഡ് ഫ്രീസിങ് പ്ലാന്റിൽ വച്ച് അന്നേ ദിവസം തന്നെ ഉച്ചയ്ക്ക് ശേഷം 3.30 P M മണിക്ക് അപ്പോൾ ഹാജരായിട്ടുള്ള ക്വട്ടേഷണർമാരുടെ സാന്നിദ്ധ്യത്തിൽ ക്വട്ടേഷനുകൾ തുറന്ന് പരിശോധിക്കുന്നതാണ്. ഏറ്റവും കൂടിയ തുക രേഖപ്പെടുത്തിയ വ്യക്തി/സ്ഥാപനത്തിന്റെ പേരിൽ, പ്ലാന്റ് മാനേജർ താൽക്കാലികമായി ക്വട്ടേഷൻ ഉറപ്പിക്കുന്നതും കേന്ദ്രകാര്യാലയത്തിന്റെ അനുമതിക്ക് വിധേയമായി സ്ഥിരപ്പെടുത്തുന്നതുമാണ്. ക്വട്ടേഷനുകൾ സ്വീകരിക്കാനും നിരസിക്കുവാനുമുള്ള പൂർണ അധികാരം പ്ലാന്റ് മാനേജറിൽ നിക്ഷിപ്തമാണ്.

ക്വട്ടേഷൻ സ്ഥിരപ്പെടുത്തുന്ന പക്ഷം ക്വട്ടേഷൻ ലഭിക്കുന്ന ആൾ ക്വട്ടേഷൻ തുകയുടെ 25% തുക അപ്പോൾ തന്നെ പ്ലാന്റ് ഓഫീസിൽ അടക്കേണ്ടതും ബാക്കി തുക 7 ദിവസത്തിനകം പൂർണമായും അടച്ച് പ്ലാന്റ് മാനേജരുടെ അനുമതിയോട്കൂടി സ്വന്തം ചെലവിൽ ശീതീകരിച്ച B GRADE മത്സ്യം കൊണ്ടുപോകേണ്ടതാണ്.അല്ലാത്ത പക്ഷം നിരതദ്രവ്യം തുക തിരിച്ച് നൽകുന്നതല്ല.ഓഫീസ് പ്രവൃത്തി സമയങ്ങളിൽ മത്സ്യം നേരിട്ട് കണ്ട് ബോധ്യപ്പെടാവുന്നതാണ്.

പ്ലാന്റ് മാനേജർ

23/06/26.

MATSYAFED ICE & FREEZING PLANT
Kochangadi
COCHIN-5.
Date.................

മത്സ്യഫെഡ് ഐസ് ആൻഡ് ഫ്രീസിങ് പ്ലാന്റ്

കൊച്ചങ്ങാടി കൊച്ചി 682005

KERALA STATE CO-OP FEDERATION
FOR FISHERIES DEVELOPMENT LTD.
MATSYAFED ICE & FREEZING PLANT, COCHIN-5

PLANT MANAGER

നോട്ടീസ് ബോർഡ്, എം.ഐ.എഫ്.പി.

പകർപ്പ് :
1. മത്സ്യഫെഡ് വെബ്സൈറ്റ്.
2. ജില്ലാ ഇൻഫർമേഷൻ ഓഫീസർ, എറണാകുളം (പത്രമാധ്യമങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിന്).
3. ജില്ലാ മാനേജർ, മത്സ്യഫെഡ്, എറണാകുളം (നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കുന്നതിന്).
4. ഡെപ്യൂട്ടി ഡയറക്ടർ ഓഫ് ഫിഷറീസ്, എറണാകുളം സോണൽ (നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കുന്നതിന്).
5. മാനേജർ, നെറ്റ് ഫാക്ടറി, ഫിഷ് ഫാം, ഞാറക്കൽ (നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കുന്നതിന്).
6. കൊച്ചി കോർപ്പറേഷൻ ഓഫീസ് (നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കുന്നതിന്).
7. കോർപ്പറേഷൻ സോണൽ ഓഫീസ് (നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കുന്നതിന്).
8. വില്ലേജ് ഓഫീസ്, തോപ്പുംപടി (നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കുന്നതിന്).
9. കരുതൽ / അധികം.